(ബി) ഉണ്ടെങ്കിൽ ഏതു ക്ലാസ് മുതലാണ് പ്രസ്തുത വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നത്;

(സി) ഏതു വർഷം മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നത്;

(ഡി) ഇതിനുവേണ്ടി വരുന്ന മുതൽ മുടക്ക് എത്രയാണ്;

(ഇ) ഈ തുക എങ്ങനെ കണ്ടെത്താൻ ഉദ്ദേശിക്കുന്നു;

(എഫ്) ഡി.പി.ഇ.പി. സ്കീമിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏതു സ്റ്റാൻഡേർഡ് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) യു.പി.ക്ലാസ്സുകളിൽ കമ്പ്യൂട്ടർ അവബോധം, വ്യാപിപ്പിക്കുവാനും, എട്ടാം ക്ലാസ്സ് മുതൽ കമ്പ്യൂട്ടറിനെ പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുവാനും നടപടി സ്വീകരിച്ചു വരുന്നു.

(സി) 2000-2001 അക്കാദമിക വർഷം മുതൽ തന്നെ ഈ സൗകര്യങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകി വരുന്നതേയുള്ളൂ.

(ഇ) പഞ്ചായത്തുകളുടെ സഹായവും വിദേശമലയാളികളുടെ സഹകരണവും പി.ടി.എ.യുടെ പങ്കാളിത്തവും വഴി ആവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാണ് ആലോചിക്കുന്നത്.

(എഫ്) ഡി.പി.ഇ.പി. പാഠ്യപദ്ധതിയിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടില്ല.

10 (*100) പുരാവസ്തുക്കളുടെ സംരക്ഷണം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴയകാലത്തെ ഓർമ്മിപ്പിക്കുന്ന കളിത്തട്ടുകളും ചുമടുതാങ്ങികളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കളിത്തട്ടുകളും ചുമടുതാങ്ങികളും ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയെ രൂപഭേദമില്ലാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) പുരാവസ്തു പ്രാധാന്യമുള്ള പൈതൃകവസ്തുക്കൾ കണ്ടെത്തി അവയുടെ തനിമ നഷ്ടപ്പെടാതെ സംരക്ഷിച്ചുനിർത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഒരു പൈതൃക സംരക്ഷണ നിയമം കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ നിയമം നിലവിൽ വന്നുകഴിഞ്ഞാൽ കളിത്തട്ടുകളും ചുമടുതാങ്ങികളും ഉൾപ്പെടുന്ന പൈതൃക വസ്തുക്കളുടെ സംരക്ഷണം ഉറപ്പാക്കാവുന്നതാണ്.

(ബി) വ്യക്തമായ കണക്ക് എടുത്തിട്ടില്ല.

(സി) പൈതൃക സംരക്ഷണ നിയമം നിലവിൽ വരുന്ന മുറയ്ക്ക് ഇവ കേടുകൂടാതെ സംരക്ഷിക്കുന്നതിന് നടപടി എടുക്കുന്നതാണ്.

11 (*101) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനം

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. സുധാകരൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനം സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം ലഭിച്ച അദ്ധ്യാപകരും എലിജിബിലിറ്റി ടെസ്റ്റ് പാസാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പ്രതിഷേധം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിക്കപ്പെടാൻ രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദവും ബി.എഡും ഉള്ളവരും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസായവർക്കുമാണ് അദ്ധ്യാപക നിയമനത്തിന് യോഗ്യത, പി. എച്ച്.ഡി., എം.ഫിൽ എന്നിവ ഉള്ളവരും, യു.ജി.സി., എൻ.ഇ.റ്റി, ജെ.ആർ. എഫ്. എന്നിവ പാസായിട്ടുള്ളവരും എം.എസ്. ബിരുദം ഉള്ളവരും യോഗ്യതാ പരീക്ഷ എഴുതേണ്ടതില്ല.

(ബി) 95-96-ന് ശേഷം നിയമനം ലഭിച്ച എല്ലാവരും എലിജിബിലിറ്റി ടെസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളവരും ഒഴികെ എല്ലാവരും എഴുതണം.

(സി) ഉണ്ട്.

(ഡി) 1996-നുശേഷം നിയമിക്കപ്പെട്ട അദ്ധ്യാപകരടക്കം ഹയർ സെക്കന്ററി അദ്ധ്യാപകനിയമനം കാംക്ഷിക്കുന്നവരും യോഗ്യതാപരീക്ഷ എഴുതേണ്ടത് ബോധനനിലവാരം ഉയർത്തുന്നതിന് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly